GOVERNMENT OF KERALA

**Office of the**
**COMMISSIONER FOR ENTRANCE EXAMINATIONS**
V[th] Floor, Housing Board Buildings
Santhi Nagar, Thiruvananthapuram - 695 001

Telephone : 0471-2332120, 2338487
Fax : 0471-2337228
E-mail : ceekinfo@cee.kerala.gov.in
Website : www.cee-kerala.org

**നം. റ്റി.എ.2/71/3എൽ.എൽ.ബി/പ്ര.പ.ക.** തീയതി. 13.11.2020

**പ്രിൻസിപ്പാൾ**

സർ ,

വിഷയം: പ്ര.പ.ക.– ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി പ്രവേശനം– EWS വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നത് സംബന്ധിച്ച്

സൂചന: 06.11.2020 ലെ ജി.ഒ.(സാധാ)നം.1394/2020/ഉ.വി. സർക്കാർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം EWS (Economically Weaker Sections in General category) വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്കും കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ അനുവദിക്കുന്ന 10% സീറ്റുകളിലേക്കും പ്രവേശനം നടത്തുന്നതിന് **2020 നവംബർ 30 വരെ** സമയം ദീർഘിപ്പിച്ച് ഉത്തരവായിട്ടു്.

1. സർക്കാർ ലോ കോളേജുകളിലെ പഞ്ചവത്സര/ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിൽ 2020–21 അക്കാദമിക വർഷത്തിൽ പ്രവേശനത്തിനായി EWS വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം നികത്തേതാണ്.
2. പ്രിന്റ്/ഇലക്ട്രോണിക്/ദൃശ്യ മാധ്യമങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ പരസ്യം നൽകി വേണം സ്പോട്ട് അഡ്മിഷൻ നടത്തേത്.
3. നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ 11 മണിക്ക് മുമ്പായി വിദ്യാർത്ഥികൾ കോളേജിൽ ഹാജരാകാൻ നിർദ്ദേശം നൽകേതും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ സൂക്ഷിക്കേതുമാണ്.
4. പ്രോസ്പെക്ടസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് അനുസരിച്ചുള്ള എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും പ്രവേശന സമയത്ത് വിദ്യാർത്ഥി ഹാജരാക്കുന്നുവെന്ന് ഉറപ്പാക്കേതാണ്.
5. പ്രവേശനപരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ഇതുവരെ പ്രവേശനം ലഭിച്ചിട്ടില്ലാത്തതുമായ വിദ്യാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷന് പരിഗണിക്കാൻ പാടുള്ളൂ.

6. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടു ള്ളവരും, എന്നാൽ EWS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥി കൾക്കും സ്പോട്ട് അഡ്മിഷന് പങ്കെടുക്കാവുന്നതാണ്.

7. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടു ള്ളവരും, എന്നാൽ EWS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അപേക്ഷാർത്ഥിക ളിൽ നിന്നും EWS വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണരുടെ ഓഫീസിലേക്ക് ceekinfo.cee@ kerala.gov.in എന്ന ഇ–മെയിൽ മുഖാ ന്തിരം അയയ്ക്കേതാണ്. അത്തരം സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോ ധിച്ച് ഒരു മണിക്കൂറിനകം വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യതയുള്ളതാണോ എന്ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും അറിയിക്കുന്നതാ ണ്.

8. അത്തരം വിദ്യാർത്ഥികളെയും കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ഉങ്കെിൽ അവരെയും ഉൾപ്പെടുത്തി റാങ്കിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാ ക്കേതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകേതുമാണ്.

പ്രവേശന നടപടികൾ സുതാര്യമായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും പ്രിൻസിപ്പാൾമാർ സ്വീകരിക്കേതാണ്.

വിശ്വസ്തതയോടെ,

Seetha

പ്രവേശന പരീക്ഷാ കമ്മീഷണർ